"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- എൻ.എസ്.ഏ.പി - പി.എഫ്.എം.എസ് ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടുകളിലേയ്ക്ക് റീ അപ്പ്രോപ്പ്രിയേറ്റ് ചെയ്ത തുക പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്ത് നല്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സ.ഉ.(സാധാ) നം.2927/2023/FIN തീയതി.തിരുവനന്തപുരം. 10-04-2023

---

പരാമർശം:- 1. സ.ഉ (സാധാ) നം. 2919/2023/ധന തീയതി 10.04.2023

2. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2023 - ലെ LSGD/PD/5372/2023-SSP1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എൻ.എസ്.ഏ.പി - പി.എഫ്.എം.എസ് ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് പുതുതായി രൂപീകരിച്ചിട്ടുള്ള 2235-02-101-54-01, 2235-03-101-99-01, 2235-60-102-88-01 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ 2023-24-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകളിലേക്ക് 2023 ജനുവരി. ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ വിതരണത്തിനാവശ്യമായ 375373600/- (മുപ്പത്തിയേഴ് കോടി അമ്പത്തിമൂന്നു ലക്ഷത്തി എഴുപത്തി മൂവായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ റീ അപ്പ്രോപ്പ്രിയേറ്റ് ചെയ്ത് നൽകണമെന്നും ആയത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻ.എസ്.എ.പി ഗുണഭോക്താക്കൾക്കുള്ള കേന്ദ്ര ഗവൺമെന്റ് വിഹിതം ടി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വേണം കൈമാറ്റം ചെയ്യേണ്ടത്. എൻ.എസ്.എ.പി പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം പി.എഫ്.എം.എസ് -ൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിനായി ആരംഭിച്ച പുതിയ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ 37,53,74.000/ (മുപ്പത്തിയേഴ് കോടി അമ്പത്തിമൂന്നു ലക്ഷത്തി എഴുപത്തി നാലായിരം രൂപ മാത്രം) രൂപ റീഅപ്പ്രോപ്പ്രിയേറ്റ് ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം റീ അപ്പ്രോപ്പ്രിയേറ്റ് ചെയ്ത തുകയിൽ നിന്നും 37,53,73,600 രൂപ (മുപ്പത്തേഴ് കോടി അൻപത്തിമൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി അറുന്നൂറു രൂപ മാത്രം) താഴെ വിശദീകരിച്ചിട്ടുള്ള തരത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ

അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും ആയത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളികളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ - 40260784953. തുക **23,18,71,000** രൂപ (ഇരുപത്തിമൂന്ന് കോടി പതിനെട്ട് ലക്ഷത്തി എഴുപത്തൊന്നായിരം രൂപ മാത്രം)

ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ -സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ - 40260884255. തുക **13,78,15,800** രൂപ (പതിമൂന്ന് കോടി എഴുപത്തെട്ട് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ് രൂപ മാത്രം)

ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ - 40260899545 തുക **56,86,800** രൂപ (അമ്പത്താറ് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ് രൂപ മാത്രം)

ഐ.എഫ്.സ് കോഡ് -- SBIN00700283

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രദീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.2411262/എസ് എഫ് സി ബി1/23/ധന)

ഉത്തരവിൻ പ്രകാരം

#ejlovel

സെക്ഷൻ ഓഫീസർ